**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272** **04-08-2021 - ൽ മറുപടിയ്ക്ക്**

**സച്ചാർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുസ്ലീം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇറക്കിയ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് പ്രസ്തുത വിഭാഗത്തിന് ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (എ) | ഇല്ല. |
| (ബി) | സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി പ്രത്യേക ഇംപ്ലിമെന്റേഷൻ സെൽ രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. G.O.(Ms)No.137/08/GAD Dated, 22/04/2008 ഉത്തരവ് പ്രകാരം മൈനോരിറ്റി സെൽ രൂപീകരിച്ചു. |
| (സി) | ന്യൂനപക്ഷ സമുദായത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി അർഹതയുള്ളവർക്ക് പരാതികൾക്ക് ഇട നൽകാത്തവിധം നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ന്യൂനപക്ഷ സമുദായത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി അർഹതയുള്ളവർക്ക് പരാതികൾക്ക് ഇടനൽകാത്തവിധം ലഭ്യമാക്കുന്നതിനായി ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ ഉള്ള പക്ഷം, നിലവിൽ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിലോ കുറവുണ്ടാകരുതെന്ന വ്യവസ്ഥയോടെ സ്കോളർഷിപ്പ് നൽകുന്നതിന് G.O(Ms)No.135/2021/GAD തീയതി: 16.07.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് അധികം വേണ്ടി വരുന്ന 6.2 കോടി രൂപ ബഡ്ജറ്റ് വിഹിതം കഴിച്ച് അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ